©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 നവംബർ 24
24th November 2025
1201 വൃശ്ചികം 8
8th Vrischikam 1201
1947 അഗ്രഹായനം 3
3rd Agrahayana 1947

നമ്പർ
No.
4106

കേരള സർക്കാർ

സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ്—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഉല്പാദിപ്പിക്കുന്ന ഖാദി മാർക്ക് ലേബൽ പതിപ്പിച്ച ഖാദി തുണിത്തരങ്ങൾ വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന്—സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി—ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 82/2025/PPAD. *തിരുവനന്തപുരം, 2025 സെപ്റ്റംബർ 15.*

പരാമർശം:—1. 10-6-2024-ലെ സ.ഉ. (സാധാ.) നമ്പർ 53/2024/SPD.
2. 19-6-2025-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ കെ.ബി. 9809/2016/കെ1 എന്ന നമ്പർ കത്ത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

ഖാദിയുടെ പ്രചരണാർത്ഥം സംസ്ഥാനത്തെ ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും സർക്കാർ ഓഫീസുകളിലും ഖാദിതുണിത്തരങ്ങൾ ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വില്പന നടത്തുന്നതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് പരാമർശം (1) പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 9-6-2025-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉല്പാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്നതും, കേന്ദ്ര സർക്കാരിന്റെ ഖാദി മാർക്ക് ലേബൽ പതിപ്പിച്ചതുമായ ഖാദി തുണിത്തരങ്ങൾ, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ നിശ്ചയിക്കുന്ന കോസ്റ്റ് ചാർട്ട് പ്രകാരമുള്ള വിലയിൽ അധികരിക്കാതെ, വിവിധ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തുണിത്തരങ്ങളുടെ ആവശ്യകത അറിയിക്കുന്നതനുസരിച്ച്, മേൽ നിബന്ധനകൾക്ക് വിധേയമായി ഖാദി ബോർഡിന് നേരിട്ട്, ഖാദി തുണിത്തരങ്ങൾ വിപണനം നടത്താവുന്നതാണ്. അഖിലേന്ത്യാ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സർട്ടിഫൈ ചെയ്തിട്ടില്ലാത്തതും കേന്ദ്രസർക്കാരിന്റെ ഖാദി മാർക്ക് നിയമ പ്രകാരം ഖാദി മാർക്ക് ലേബൽ പതിച്ചിട്ടില്ലാത്തതുമായ തുണിത്തരങ്ങൾക്ക് ഈ ഇളവ് ബാധകമല്ല. ടി ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്ത ഉല്പന്നങ്ങളുടെ വിപണനം കർശനമായും സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രജികുമാർ ആർ.,
ജോയിന്റ് സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.24 02:50:33 +05:30